**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1304** **15-10-2026-ൽ മറുപടിയ്ക്ക്**

**കുന്നംകുളം മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കുന്നംകുളം ജംഗ്ഷൻ വികസന പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. എ. സി. മൊയ്തീൻ ശ്രീ. എ. പി. അനിൽ കുമാർ
(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** കുന്നംകുളം മണ്ഡലത്തിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന കുന്നംകുളം ജംഗ്ഷൻ വികസന പദ്ധതി, റിംഗ്റോഡ് വികസന പദ്ധതി, കേച്ചേരി അക്കിക്കാവ് ബൈപാസ് റോഡ് വികസന പദ്ധതി എന്നിവയ്ക്കായുള്ള സ്ഥലമേറ്റെടുപ്പ് നടപടികളുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ?

**മറുപടി:** 1) **കുന്ദംകുളം ജംഗ്ഷൻ വികസനം -**

11(1) വിജ്ഞാപനത്തിന്റെ കാലാവധി 05.08.2026 ന് അവസാനിച്ചിട്ടുള്ളതും 9 മാസത്തേക്ക് കൂടി സമയപരിധി ദീർഘിപ്പിച്ച് ഉത്തരവായിട്ടുള്ളതുമാണ്. 2013ലെ ആക്റ്റിൽ നിഷ്കർഷിക്കുന്ന പ്രകാരം RR Package, വിശദ വില നിർണ്ണയ പത്രിക എന്നിവ തയ്യാറാക്കി വരുന്നു.

2) **കുന്ദംകുളം റിംഗ് റോഡ് വികസനം -**

എസ് ഐ എ പഠന റിപ്പോർട്ടിന് 18.05.2026 ന് അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. 11(1) വിജ്ഞാപനത്തിനായുള്ള ഡാറ്റാ കളക്ഷൻ നടന്നു വരുന്നു.

3) **കേച്ചേരി അക്കിക്കാവ് ബൈപാസ്** റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ഏകദേശ നഷ്ടപരിഹാരത്തുകയായ 10,34,11,879/- രൂപ അർത്ഥനാധികാരി അടവാക്കിയിട്ടുണ്ട്. 01/08/2026 തീയതിയിൽ വിശദവിലനിർണ്ണയ പട്ടിക അംഗീകരിച്ച് വന്നിട്ടുണ്ട്. പുതുക്കിയ അലൈൻമെന്റ് പ്രകാരം സർവ്വേ നടപടികളിൽ കണ്ടെത്തിയ പുതിയ സർവ്വേ നമ്പരുകൾ ഉൾപ്പെടുത്തി പുതുക്കിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ലഭിച്ച ശിപാർശ പരിശോധിച്ചു വരുന്നു

**സെക്ഷൻ ഓഫീസർ**